**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** **02-02-2024 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി പോളി ക്ലിനിക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഒരു വെറ്ററിനറി പോളി ക്ലിനിക്കിൽ ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും സ്റ്റാഫ് പാറ്റേൺ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | **വെറ്ററിനറി പോളിക്ലിനിക്കിൽ ലബോറട്ടറി സൗകര്യങ്ങളും, എക്സ്റേ, സ്കാനിംഗ്, ഓപ്പറേഷൻ തിയേറ്റർ സൗകര്യങ്ങളും ലഭ്യമാകും. രോഗബാധിതരായ പക്ഷി മൃഗാദികളെ സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി ചികിത്സിക്കുക, സർക്കാർ നയം അനുസരിച്ച് പക്ഷി മൃഗാദികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് നടത്തുക, കന്നുകാലികൾക്കും എരുമകൾക്കും കൃത്രിമ ബീജസങ്കലന സൗകര്യം ഒരുക്കുക, വെറ്ററിനറി പോളിക്ലിനിക്കിന്റെ അധികാരപരിധിക്കുള്ളിലെ സാംക്രമിക, പകർച്ചവ്യാധികളുടെ നിയന്ത്രണവും, ചികിത്സയും, മറ്റ് സ്ഥാപനങ്ങളുടെ സഹകരണത്തോടെയും മൃഗങ്ങളുടെ രോഗങ്ങളുടെ നിയന്ത്രണം, പക്ഷി മൃഗാദികൾക്കുള്ള ഇൻഷ്വറൻസ് സൗകര്യം നടപ്പിലാക്കുക, ഇൻഷ്വറൻസ് ക്ലെയിം സെറ്റിൽമെന്റ് സുഗമമാക്കുക, സൂനോട്ടിക് രോഗങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക, കന്നുകാലികൾക്കായി ആനിമൽ ഹെൽത്ത് ക്യാമ്പുകൾ നടത്തുക, വെറ്ററിനറി പോളിക്ലിനിക്കിന്റെ അധികാരപരിധിയിൽ മൃഗസംരക്ഷണ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുക, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടുള്ള സ്വയംതൊഴിൽ സംബന്ധിച്ചും, മൃഗസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രദേശവാസികൾക്ക് സാങ്കേതിക ഉപദേശവും മാർഗനിർദേശവും നൽകുക, ക്ലിനിക്കൽ ലബോറട്ടറിയുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കൽ, വെറ്ററിനറി പോളിക്ലിനിക്കിന്റെ അധികാരപരിധിയിൽ വിവിധ മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കൽ എന്നിവയാണ് വെറ്ററിനറി പോളി ക്ലിനിക്കിൽ ലഭിക്കുന്ന സേവനങ്ങൾ. സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.** |

| | | | |
|---|---|---|---|
| (ബി) | തിരുവമ്പാടി മണ്ഡലത്തിൽ വെറ്റിനറി പോളി ക്ലിനിക്ക് ആരംഭിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | തിരുവമ്പാടിയിൽ വെറ്റിനറി പോളി ക്ലിനിക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

### <u>സ്റ്റാഫ് പാറ്റേൺ</u>

| ക്രമ നം. | Post sanctioned/സ്റ്റാഫ് പാറ്റേൺ |
|---|---|
| 1 | സീനിയർ വെറ്ററിനറി സർജൻ |
| 2 | വെറ്ററിനറി സർജൻ(2) |
| 3 | ലബോറട്ടറി ടെക്നീഷ്യൻ/ X-ray ടെക്നീഷ്യൻ |
| 4 | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, |
| 5 | ക്ലാർക്ക്/സീനിയർ ക്ലർക്ക് |
| 6 | അറ്റന്റന്റ് |
| 7 | പാർട്ട് ടൈം സ്വീപ്പർ |